# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6797** **10/07/2014-ൽ മറുപടിക്ക്**

## മരുന്നുകളുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ജീവിതശൈലീ രോഗ ചികിത്സയ്ക്കുവേണ്ട മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ മരുന്നുകളാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കുറവുള്ളത് ; വ്യക്തമാക്കാമോ ; | (ബി) | ജീവൻരക്ഷാ മരുന്നുകൾ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട മരുന്നുകളുടെ ദൗർലഭ്യമാണ് ഉണ്ടായിരുന്നത്. |
| (സി) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | ആശുപത്രി മേധാവികൾ RSBY Fund വിനിയോഗിച്ചുകൊണ്ട് Local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച ഒരു കോടി രൂപയിൽ നിന്ന് 7 ലക്ഷം രൂപയും ആലപ്പുഴ ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുവദിച്ച 2 കോടി രൂപയിൽ 30 ലക്ഷം രൂപ ആലപ്പുഴ മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ വാങ്ങുന്നതിനായി പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കോർപ്പറേഷനിൽ ലഭ്യമായ 176 ഇനം മരുന്നുകളിൽ അത്യാവശ്യമുള്ളവ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 05.06.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം. 1856/2014/ ആ.കു.വ പ്രകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ 2014-15 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിയതിൽ 04.07.2014 വരെ 104 |

| | | | |
|---|---|---|---|
| | | | ഓളം മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ എത്തിച്ചേരുകയും അവ ആശുപത്രികൾക്ക് വിതരണം നടത്തുകയുമുണ്ടായി. അതിൽ 31 ഇനം മരുന്നുകൾ 176 ന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്. 2014 ജൂലൈ അവസാനത്തോടെ ആദ്യ ഷെഡ്യൂൾ പ്രകാരം ഓർഡർ ചെയ്ത മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരും. |

സെക്ഷൻ ഓഫീസർ